ഉത്തരം

(എ) 30-4-2005-ലെ മൊത്തം പൊതുകടം 42588.60 കോടി രൂപയാണെന്ന് താല്ക്കാലിക കണക്കുകൾ കാണിക്കുന്നു.

(ബി) സംസ്ഥാന സർക്കാർ വിദേശ ഏജൻസികളിൽ നിന്നും നേരിട്ട് കടമെടുക്കാറില്ല. വിദേശ സഹായം കേന്ദ്ര സർക്കാർ വഴി വിദേശ സഹായ പദ്ധതികൾക്കായിട്ടുള്ള അധിക കേന്ദ്ര സഹായമായിട്ടാണ് ലഭിക്കാറുള്ളത്.

(സി) & (ഡി) ബിയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

സംസ്ഥാനത്തിന്റെ കടബാധ്യതയിലുണ്ടായ വർദ്ധന

19 [197] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മെയ് മാസത്തിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ കടബാധ്യത എത്രയായിരുന്നുവെന്നും ഇപ്പോഴത്തെ മൊത്തം കടബാധ്യത എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ സർക്കാരിന്റെ കടത്തിൽ എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായതെന്നും 1996-2001 കാലത്തെ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് കടബാധ്യതയിൽ എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-2001-ൽ പൊതുകടം 23919 കോടി രൂപയായിരുന്നു. 30-4-2005-ലെ മൊത്തം പൊതുകടം 42588.60 കോടി രൂപയാണ്.

(ബി) 31-3-2001-ന് ശേഷം സംസ്ഥാനത്തിന്റെ പൊതുകടത്തിൽ 18669.60 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1996-2001 കാലയളവിൽ പൊതുകടത്തിൽ 13805.46 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2001 മെയ് മാസത്തിലെ സംസ്ഥാനത്തിന്റെ പൊതുകടം

20 [198] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം 2001 മെയ് മാസത്തിൽ എത്രയായിരുന്നു;

(ബി) 2005 മെയ് 31 വരെ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) 2001-02, 2002-03, 2003-04, 2004-05 എന്നീ ഓരോ വർഷവും പൊതുകടത്തിലുണ്ടായ വർദ്ധനവ് എത്രവീതമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുകടം വർദ്ധിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഏതെല്ലാം വിദേശ ഏജൻസികളിൽ നിന്നും എത്ര തുക കടം എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനം എടുത്തിട്ടുള്ള പൊതുകടങ്ങൾക്കെല്ലാം കൂടി എത്ര തുക പലിശ അടയ്ക്കേണ്ടി വരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-3-2001-ൽ സംസ്ഥാനത്തിന്റെ പൊതുകടം 23919 കോടി രൂപയായിരുന്നു.

(ബി) 31-3-2004-ൽ പൊതുകടം 37452.23 കോടി രൂപയാണ്. 30-4-2005-ലെ മൊത്തം പൊതുകടം 47588.60 കോടി രൂപയാണ്. 2005 മെയ് മാസത്തിലെ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(സി) കഴിഞ്ഞ നാല് വർഷങ്ങളിൽ പൊതുകടത്തിലുണ്ടായിട്ടുള്ള വർദ്ധനവ് താഴെ കാണും പ്രകാരമാണ്.

(രൂപ കോടിയിൽ)

വർഷം	വർദ്ധനവ്
2001-2002	3032
2002-2003	4110
2003-2004	6392
2004-2005*	4257

*അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുൻ കാവങ്ങളിലെ പദ്ധതി ചെലവ് പൂർണ്ണമായും കടമെടുപ്പിലൂടെ സ്വരൂപിച്ചതും പദ്ധതി അടങ്കലിലെ ചെലവുകളിൽ ഉണ്ടായിട്ടുള്ള വർദ്ധനവിനായി കൂടുതൽ കടമെടുക്കേണ്ടി വന്നതുമാണ് പൊതുകടം വർദ്ധിക്കുവാൻ കാരണം.

(ഇ) സംസ്ഥാന സർക്കാർ വിദേശ ഏജൻസികളിൽ നിന്നും നേരിട്ട് കടമെടുക്കാറില്ല. വിദേശ സഹായം കേന്ദ്ര സർക്കാർ വഴി വിദേശ സഹായ പദ്ധതികൾക്കായിട്ടുള്ള അധിക കേന്ദ്ര സഹായമായിട്ടാണ് ലഭിക്കാറുള്ളത്.

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2004-2005-ൽ പദ്ധതിയിനത്തിൽ 2990 കോടി രൂപ ചെലവായിട്ടുണ്ട്.

സർക്കാർ ഏജൻസികൾ, സർക്കാർ ഗ്യാരണ്ടിയിൽ വാങ്ങിയ കടം

21 [199] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മെയ് മാസത്തിനു ശേഷം 2005 മെയ് 31 വരെ സർക്കാർ ഏജൻസികൾ, സർക്കാർ ഗ്യാരണ്ടിയുടെ ബലത്തിൽ വാങ്ങിയ കടം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ:

(ബി) സർക്കാർ ഗ്യാരണ്ടിയുടെ ബലത്തിൽ എടുത്തിട്ടുള്ള വായ്പകൾ യഥാസമയം തിരിച്ചടച്ചിട്ടുണ്ടോ;

(സി) 2001 മെയ് 31-ന് സർക്കാരിന്റെ കണ്ടിജന്റ് ബാദ്ധ്യത എത്രകോടി രൂപയുടേതായിരുന്നു? 2005 മെയ് 31-ന് കണ്ടിജന്റ് ബാദ്ധ്യത എത്രകോടി രൂപയുടേതാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2001 മെയ് മാസത്തിനു ശേഷം 2005 മെയ് 31 വരെ വിവിധ സർക്കാർ ഏജൻസികൾ, സർക്കാർ ഗ്യാരണ്ടിയുടെ ബലത്തിൽ 4076.71 കോടി രൂപയുടെ കടം വാങ്ങിയിട്ടുണ്ട്.

(ബി) ചില സ്ഥാപനങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ട്.

(സി) 2001 മെയ് 31-ന് ഗ്യാരണ്ടി മുഖേനയുള്ള കണ്ടിജന്റ് ബാദ്ധ്യത 10819.36 കോടിയാണ്. 2005 മെയ് 31 വരെയുള്ള കണ്ടിജന്റ് ബാദ്ധ്യത സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരികയാണ്.

സർക്കാർ എടുത്തിട്ടുള്ള വായ്പ

22 [200] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാന സർക്കാർ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എത്ര കോടി രൂപ വായ്പയായി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly